# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2026-മാണ്ട് ഫെബ്രുവരി മാസം 2-ാം തീയതി

## CMP 1/2026 IN MC 9/2026

ഹർജിക്കാർ : 1. രേവതി, 29 വയസ്സ്, D/o. ചന്ദ്രദാസ്, പുത്തൻപറമ്പ്, പുറക്കാട് പി.ഒ, ആലപ്പുഴ

2. ഹീരവ് ഹരി (മൈനർ), 6 വയസ്, S/o. ഹരിലാൽ കെ.എം, പുത്തൻപറമ്പ്, പുറക്കാട് പി.ഒ, ആലപ്പുഴ (മൈനറിനെ പ്രതിനിധീകരിച്ച് ടിയാന്റെ മാതാവായ ഒന്നാം ഹർജിക്കാരി)

(പ്രതിനിധീകരിക്കുന്നത് അഡ്വ. എ റ്റി പ്രദീപ്കുമാർ)

എതൃകക്ഷി : ഹരിലാൽ കെ.എം, പുളവൽ കൊച്ചുപറമ്പ്, റ്റി.ഡി.എം.സി.പി.ഒ, വണ്ടാനം, ആലപ്പുഴ

2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമം 23 വകുപ്പ് പ്രകാരമുള്ള ഈ ഹർജി ഏകപക്ഷിയമായി വാദം കേട്ടതിൽ ഈ കോടതി 02.02.2026 ൽ ടി നിയമത്തിൽ 23(2) വകുപ്പ് പ്രകാരം ഇടക്കാലമായി പുറപ്പെടുവിക്കുന്ന

## ഉത്തരവ്

1. ഒന്നാം ഹർജിക്കാരി ഹാജർ. പ്രതിനിധീകരിച്ചു. ഹർജി ഭാഗം വാദം കേട്ടു. രേഖകൾ പരിശോധിച്ചു. ഹർജി ഭാഗം വാദം കേട്ടതിൽ വെച്ച് പ്രഥമ ദൃഷ്ട്യാ ഗാർഹിക പീഡനം നടന്നിട്ടുണ്ട് എന്ന് ബോധ്യം വന്നിരിക്കുന്നു. എതൃകക്ഷിക്ക് നോട്ടീസ് അയക്കുന്നതിനുള്ള കാലതാമസം ഈ ഹർജിയുടെ ഉദ്ദേശത്തെ

പരാജയപ്പെടുത്തും എന്നതിൽ എതൃകക്ഷിക്കെതിരെ താഴെ പറയും വിധം ഇടക്കാല ഉത്തരവ് ആയിരിക്കുന്നു.

2. ഹർജിക്കാരി താമസിക്കുന്ന വീട്ടിൽ എതൃകക്ഷി പ്രവേശിക്കുന്നത് നിരോധിച്ചും, ടി വീട്ടിലോ ഹർജിക്കാരി പോകുന്ന സ്ഥലങ്ങളിലോ പൊതു ഇടങ്ങളിലോ വെച്ച് ഹർജിക്കാരിയെ എതൃകക്ഷി അസഭ്യം പറയുകയോ മരണഭീതി ഉളവാക്കുന്ന രീതിയിലുള്ള മാനസിക പീഡനങ്ങൾ നടത്തുകയോ ശാരീരിക ഉപദ്രവം നടത്തുകയോ ചെയ്യരുതെന്ന് എതൃകക്ഷിയെ വിലക്കി ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമം 18(a),18(c),19(c) വകുപ്പുകൾ പ്രകാരം ഉത്തരവായിരിക്കുന്നു.

3. ടി ഉത്തരവ് അമ്പലപ്പുഴ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതും ടിയാൻ ഈ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 ഫെബ്രുവരി മാസം 2 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

ഗ്രാമന്യായാലയ * അമ്പലപ്പുഴ * പിൻ 688 003

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**